വയനാട് വന്യജീവി സംരക്ഷണ കാര്യാലയം,
വയനാട് വന്യജീവി സങ്കേതം,
സുൽത്താൻ ബത്തേരി -673592
ഫോൺ : 04936-220454,
e-mail.ww.wayanad@forest.keralagov.in.

നം.ഡബ്ലുഡ.4-7767/2012.

തീയ്യതി 02.11.2012.

എസ്. ശ്രീകുമാർ,
പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
വൈൽഡ് ലൈഫ് വാർഡൻ.

ശ്രീ. തോമസ് അമ്പലവയൽ,
സെക്രട്ടറി, വയനാട് പ്രകൃതി സംരക്ഷണ സമിതി,
മീനങ്ങാടി പി.ഒ., പുറക്കാടി,
പിൻ - 673 591.

സർ,

വിഷയം:- വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 16.10.2012 തീയ്യതിയിലെ അപേക്ഷ.

******

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷക്കുള്ള മറുപടി താഴെ കൊടുക്കുന്നു.

മറുപടി (1): വയനാട് വന്യജീവി സങ്കേതം കടുവാ സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിക്കുന്ന തരത്തിലുള്ള യാതൊരു ഉത്തരവുകളും ഈ ഓഫീസിൽ ലഭിച്ചിട്ടില്ല.

മറുപടി (2): 1972-ലെ വന്യജീവി സംരക്ഷണ നിയമ വകുപ്പ് 38 V (1) പ്രകാരം ദേശീയ കടുവാ സംരക്ഷണ സമിതിയുടെ ശുപാർശ അനുസരിച്ചാണ് സംസ്ഥാന സർക്കാർ കടുവാ സംരക്ഷണ കേന്ദ്രങ്ങൾ പ്രഖ്യാപിക്കുന്നത്. കടുവാ സങ്കേതങ്ങൾ പ്രഖ്യാപിക്കാനുള്ള നിലവിലുള്ള നിയമങ്ങൾ 1972 -ലെ വന്യജീവി (സംരക്ഷണ) നിയമം 38(K) മുതൽ 38 X വരെയുള്ള വകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് ഇന്റർനെറ്റിൽ നിന്നും താങ്കൾക്ക് download ചെയ്ത് എടുക്കാവുന്നതാണ്.

മറുപടി (3): ഈ ഓഫീസിലെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും ക്രിട്ടിക്കൽ വൈൽഡ് ലൈഫ് ഏരിയ, ബഫർ സോൺ സർവ്വേകൾ നടത്തിയതായി കാണുന്നില്ല.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ അപ്പീൽ അധികാരിക്ക് അപ്പീൽ നൽകാവുന്നതാണ്.

അപ്പീൽ അധികാരി: ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (വന്യജീവി വിഭാഗം), പാലക്കാട്.

വിശ്വസ്തതയോടെ,

പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
വൈൽഡ് ലൈഫ് വാർഡൻ.

ആർസി. 3.11.